## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1070 — 11/07/2011-ൽ മറുപടിക്ക്

### ഭവനശ്രീ വായ്പാ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനും പ്രമാണങ്ങൾ തിരിച്ചു നൽകുന്നതിനുമുള്ള മുൻ സർക്കാരിന്റെ തീരുമാനം സംസ്ഥാനത്ത് എത്ര പേർക്ക് ഗുണകരമായി എന്ന് വ്യക്തമാക്കാമോ; | (എ) കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ഭവനശ്രീ (ഭവന നിർമ്മാണ) വായ്പകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 211/2010/തസ്വഭവ തീയതി 13/9/2010, സർക്കാർ ഉത്തരവ് (എം.എസ്) നം. 5/2011/തസ്വഭവ തീയതി 5/1/2011 ഉത്തരവുകൾ പ്രകാരം കുടുംബശ്രീ ഭവനശ്രീ വായ്പകൾ സർക്കാർ ഏറ്റെടുക്കുകയുണ്ടായി.<br>ഉത്തരവ് പ്രകാരം ഭവനശ്രീ വായ്പാ ഇനത്തിൽ 30-6-2010-വരെയുള്ള കുടിശ്ശികയും ബാക്കി അടയ്ക്കുവാനുള്ള വായ്പാ തുകയുമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. പിഴ പലിശയിനത്തിൽ ബാങ്കുകൾ ഈടാക്കിയിരിക്കുന്ന തുക ഒഴിവാക്കേണ്ടത് ബാങ്കുകളുടെ ചുമതലയായിരിക്കും. സർക്കാർ പിഴ പലിശ ഒഴിവാക്കിയിട്ടുള്ള തുകയായിരിക്കും ബാങ്കുകൾക്ക് നൽകുന്നത്. ഇതിനായി ബാങ്കും കുടുംബശ്രീയും സർക്കാരും തമ്മിലുള്ള ഒരു ത്രികക്ഷികരാർ നിലവിലുണ്ട്.<br>സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരമുള്ള കുടിശ്ശിക തുകയും ബാക്കി അടയ്ക്കുവാനുള്ള തുകയുടെ ആദ്യ ഗഡുവും ബാങ്കുകൾക്ക് 2011 ഫെബ്രുവരി മാസം നൽകുകയുണ്ടായി. ത്രികക്ഷി കരാർ പ്രകാരം കുടുംബശ്രീ കുടിശ്ശിക തുക ബാങ്കുകൾക്ക് നൽകിയാൽ ഉടൻ തന്നെ ആധാരങ്ങൾ തിരിച്ച് ഗുണഭോക്താക്കൾക്ക് ബാങ്കുകൾ നൽകേണ്ടതുണ്ട്. ഗുണഭോക്താക്കൾ ബന്ധപ്പെട്ട ബാങ്ക് ബ്രാഞ്ചുകളെ സമീപിച്ച് ആധാരങ്ങൾ തിരികെ വാങ്ങുന്ന പ്രവർത്തനം നടന്നുവരുന്നു. എത്ര പേർക്ക് ആധാരം തിരികെ നൽകിയെന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല.<br>40,944 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) അതിൽ അരൂർ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളുടെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ? | (ബി) അരൂർ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളുടെ വേനശ്രീ വായ്പയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**അരൂർ നിയോജക മണ്ഡലത്തിലെ ഭവനശ്രീ വായ്പയുടെ വിശദാംശങ്ങൾ**

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | ബാങ്കിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|
| 1 | അരൂക്കുറ്റി | SBT | 17 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | ICICI | 67 | |
| 2 | അരൂർ | ICICI | 49 | ബാങ്കിൽ നിന്ന് ആധാരം ലഭിച്ചിട്ടുണ്ട്. |
| | | SBI | 21 | |
| 3 | ചേന്നം പള്ളിപ്പുറം | ICICI | 115 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | എഴുപുന്ന | ICICI | 64 | ബാങ്കിൽ നിന്ന് ആധാരം ലഭിച്ചിട്ടുണ്ട്. |
| 5 | കോടംതുരുത്ത് | SBI | 69 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | കുത്തിയതോട് | ICICI | 62 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | SBI | 74 | |

| | | | | |
|---|---|---|---|---|
| 7 | പാണാവള്ളി | ICICI | 44 | ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകി. |
| 8 | പെരിമ്പളം | SBT | 28 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | തൈക്കാട്ടുശ്ശേരി | ICICI | 41 | ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകി |
| 10 | തുറവൂർ | ICICI | 57 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടുണ്ട്. ആധാരം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | BANK OF INDIA | 173 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടില്ല. |
| | | DCB | 20 | ബാങ്കിലേയ്ക്ക് സർക്കാർ പണം അടച്ചിട്ടില്ല. |